**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3453** **26-06-2024 - ൽ മറുപടിയ്ക്ക്**

**കൊല്ലം മണ്ഡലത്തിലെ വില്ലേജ് ഓഫീസുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലം മണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസുകളാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളായി നവീകരിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളത്; അവയുടെ നിർവഹണ പുരോഗതി അറിയിക്കാമോ; വിശദാംശം ലഭ്യമാക്കുമോ? | (എ) | കൊല്ലം നിയമസഭാ മണ്ഡലത്തിൽ കൊല്ലം വെസ്റ്റ്, തൃക്കടവൂർ, കൊല്ലം ഈസ്റ്റ് എന്നീ വില്ലേജ് ഓഫീസുകളെയാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളായി നവീകരിക്കുന്നതിന് അനുമതി നൽകിയിരുന്നത്. അതിൽ കൊല്ലം വെസ്റ്റ്, തൃക്കടവൂർ എന്നീ വില്ലേജ് ഓഫീസുകളുടെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതും സ്മാർട്ട് വില്ലേജ് കെട്ടിടത്തിൽ പ്രവർത്തനം നടത്തി വരുന്നതുമാണ്. കൊല്ലം ഈസ്റ്റ് വില്ലേജ് ഓഫീസിന്റെ സ്മാർട്ട് വില്ലേജ് കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ 65% പൂർത്തിയായിട്ടുള്ളതും അവശേഷിച്ച പ്രവൃത്തികൾ ഉടൻ തന്നെ പൂർത്തീകരിക്കുവാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ